# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1905/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1905/25 തീയ്യതി: 22/12/2025

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-10-2024 മുതൽ 15-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേശൻ പി.വി | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2025 | 25-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2025 | 25-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീമതി ഷിജില വി.ഡി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശ്രീനാഥ് വി.,ഓഡിറ്റർ

ശ്രീ അഖിൽ മോഹൻ ടി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടി. ബിന്ദു. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ബിജു പി.ജെ | സെക്രട്ടറി | 01-04-2024 | 12-09-2024 |
| ശ്രീ. ബാലകൃഷ്ണൻ കല്യാടൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2024 | 17-09-2024 |
| ശ്രീ. വിനോദ് പി.കെ | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബാലകൃഷ്ണൻ കല്യാടൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ സുരേഷ് കുമാർ സി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 27-04-2024 |
| ശ്രീമതി അമലു വി.ഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 28-04-2024 | 31-03-2025 |
| ശ്രീമതി അനഘ കെ.പി. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ദിജിനപ്രിയ സി.പി. | മെഡിക്കൽ ഓഫീസർ(PHC) | 01-04-2024 | 31-03-2025 |
| ഡോ.ബിജു ഇ.ആർ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 15-01-2025 |
| ഡോ.എബി അബ്രഹാം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 16-01-2025 | 31-03-2025 |
| ഡോ.ജിഷ പി.എസ്. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.മാനസ എ. | വെറ്റിനറി സർജ്ജൻ | 01-04-2024 | 30-09-2024 |
| ഡോ.റിനു തോമസ് | വെറ്റിനറി സർജ്ജൻ | 01-10-2024 | 31-03-2025 |
| ശ്രീമതി രജിത എ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ ബിനുരാജ് പി. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ ശംസുദ്ദീൻ കെ.പി. | ഹെഡ്മാസ്റ്റർ | 01-04-2024 | 13-06-2024 |
| ശ്രീ സിറാജുദ്ദീൻ എം.പി. | ഹെഡ്മാസ്റ്റർ | 14-06-2024 | 31-03-2025 |
| ശ്രീ. ഷാജി കെ.പി. | വി.ഇ.ഒ.(മുഴക്കുന്ന്) | 01-04-2024 | 07-09-2024 |
| ശ്രീമതി നിസാമോൾ കെ.എ. | വി.ഇ.ഒ.(മുഴക്കുന്ന്) | 08-09-2024 | 31-03-2025 |
| ശ്രീമതി നിസാമോൾ കെ.എ. | വി.ഇ.ഒ (കാക്കയങ്ങാട്) ഇൻ–ചാർജ്ജ് | 01-04-2024 | 30-01-2025 |
| ശ്രീ. പ്രജീഷ് കാരോന്നോൻ | വി.ഇ.ഒ (കാക്കയങ്ങാട്) | 31-01-2025 | 31-03-2025 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പുതുകയിൽ വ്യത്യാസം | 1-1-5 |
| 7 | മുൻകൂർ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല | 1-1-6 |
| 8 | B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | ഗ്രാമസഭ | 1-10 |
| 18 | തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കിയില്ല. | 1-11 |
| 19 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-12 |
| 20 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-13 |
| 21 | പി എച്ച് സി യിൽ ഇൻവേർട്ടർ സ്ഥാപിക്കൽ - പർച്ചേസ് നടപടിക്രമങ്ങളിൽ അപാകം | 1-14 |
| 22 | സാന്ത്വന പരിചരണം 2024-25 - പദ്ധതി അപാകങ്ങൾ - 3,62,798 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 23 | കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി - പദ്ധതി അപാകങ്ങൾ | 1-16 |
| 24 | വഞ്ഞേരി പി എച്ച് സി സബ്സെന്ററിന് അടിസ്ഥാന സൗകര്യം - റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ നേരിട്ട് വാങ്ങി | 1-17 |
| 25 | വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം - പദ്ധതി അപാകങ്ങൾ - 64,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 26 | പി എച്ച് സി യിൽ കമ്പ്യൂട്ടർ വാങ്ങൽ -സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല - 49,957 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 27 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-20 |
| 28 | പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ– പദ്ധതി അപാകങ്ങൾ - 272771 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 29 | അതിദാരിദ്ര്യ നിർമാർജ്ജനം-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെയും മരുന്നുകൾ വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-18,641 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |

| | | |
|---|---|---|
| 30 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ - പദ്ധതി അപാകങ്ങൾ -49,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 31 | സബ് സെന്ററുകൾ ഹെൽത്ത് വെൽനസ് സെന്ററുകളായി ഉയർത്തൽ - പദ്ധതി അപാകങ്ങൾ - 32,505 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 32 | സബ്സിഡി വിതരണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-25 |
| 33 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല | 1-26 |
| 34 | വീട് വാസയോഗ്യമാക്കൽ - പട്ടികവർഗ്ഗം - പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 35 | കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 36 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസജില്ല-രേഖകൾ പൂർണ്ണമല്ല - ₹74400 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 37 | കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 38 | പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം - നിർമാണം പൂർത്തിയായിട്ടില്ല. | 1-31 |
| 39 | പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം(സ്പിൽ ഓവർ)- പദ്ധതി അപാകങ്ങൾ | 1-32 |
| 40 | പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം- അപേക്ഷ സമർപ്പിച്ച തീയതി വ്യക്തമല്ല | 1-33 |
| 41 | എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമല്ല ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-34 |
| 42 | വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗ വിവരം ലഭ്യമല്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-35 |
| 43 | തെരുവ് വിളക്ക് മെയിൻ ലൈൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല - ₹740544 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 44 | കുടുംബാരോഗ്യ കേന്ദ്രം-പാലാ സബ് സെന്റർ കെട്ടിട നിർമ്മാണം-പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല - ₹2775000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 45 | സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ–വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹513283 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-38 |
| 46 | വഞ്ഞേരി സബ്സെന്ററിന് കുഴൽ കിണർ നിർമ്മാണം-പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല ₹88000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 47 | ഐ.കെ.എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-40 |
| 48 | വിവിധ കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിക്കൽ വയറിംഗ്-പ്രോജക്ട് അപാകങ്ങൾ ₹55323 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 49 | സാങ്കേതിക വിഭാഗത്തിന് റൂം പാർട്ടീഷൻ–പ്രവൃത്തി വാല്വേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല ₹164264 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 50 | പുലിമുണ്ട-മണിയാണി പാലത്തിന് മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈൻ ഫീ ഒടുക്കലും- പ്രോജക്ട് അപാകങ്ങൾ - 354000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 51 | ഗ്രാമ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ അവലോകനം | 1-44 |
| 52 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-45 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ -2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10-07-2025 തീയതിയിലെ 74/25 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 21-07-2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
22.12.2025.

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -₹9160468 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹13665723 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം

**ഉൾപ്പെടുത്തിയിട്ടില്ല**

(എ) 2011ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(ബി) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(സി) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

സർക്കാരിന്റെ 16.07.2011-ലെ ജി.ഒ(എം.എസ്) നം.152/2011/ത.സ്വ.ഭ.വ. യിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-4 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-5 ദുരിതാശ്വാസ നിധി നീക്കിയിരിപ്പുതുകയിൽ വ്യത്യാസം

ദുരിതാശ്വാസ നിധി വാർഷിക കണക്ക് ബി-2 ഷെഡ്യൂളിലെ നീക്കിയിരിപ്പ് (76118 രൂപ), ബി-17 ഷെഡ്യൂളിലെ നീക്കിയിരിപ്പുതുകയുമായി (99418 രൂപ) പൊരുത്തപ്പെടുന്നില്ല.

### 1-1-6 മുൻകൂർ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

2024-25 വർഷത്തെ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം ചുവടെക്കാണിച്ച ഇനങ്ങളിൽ അഡ്വാൻസ് തുക ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു.

| കോഡ് | ഇനം | തുക (₹) |
|---|---|---|
| 460100101 | Festival Advance | 2000 |
| 460100199 | Other Advances | 20640 |
| 460500399 | Advance To Other Authorised Agencies | 3129000 |
| 460500501 | Advance To Implementing Officers | 470737 |

അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-7 B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്.ഇത്തരത്തിൽ പരിശോധന നടത്തി ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-2 ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 15-02-2024 തീയതിയിലെ 57/2024(2) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22-03-2025 ലെ 49/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 10619807 | 20837168 |
| വരവ് | 284908950 | 255561402 |
| ആകെ | 295528757 | 276398570 |
| ചെലവ് | 288853425 | 270706224 |
| നീക്കിയിരിപ്പ് | 6675332 | 5692346 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (₹) | 35881812 |
| വരവ് (₹) | 59190379 |
| ആകെ (₹) | 95072191 |
| ചെലവ് (₹) | 68350847 |
| നീക്കിയിരിപ്പ് (₹) | 26721344 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം (₹) | 0 |
| തടസ്സപ്പെടുത്തിയ തുക (₹) | 6120236 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 19640000 | 19640000 | 19640000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 648000 | 648000 | 648000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3202000 | 3202000 | 2668547 | 533453 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 12180000 | 12180000 | 10152864 | 2027136 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം | 0 | 6730000 | 6730000 | 5962131 | 767869 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്(ബാങ്ക്) | 6223793 | 7361022 | 13584815 | 3168310 | 10416505 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്(ട്രഷറി) | | 1759446 | 1759446 | 1452387 | 307059 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 2636025 | 3648686 | 6284711 | 2328346 | 3956365 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 2725830 | 2455973 | 5181803 | 2116240 | 3065563 |
| ടോട്ടൽ സാനിറ്റേഷൻ | 596921 | 0 | 596921 | 0 | 596921 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 1121581 | 380987 | 1502568 | 49750 | 1452818 |
| ഹെൽത്ത്ഗ്രാന്റ്-വെൽനസ്സ് ഗ്രാന്റ് | 360635 | 574677 | 935312 | 350906 | 584406 |
| ഹെൽത്ത്ഗ്രാന്റ്-ബിൽഡിങ്ങ് | 5610313 | 160002 | 5770315 | 0 | 5770315 |
| എസ് എസ് എ | 621892 | 16274 | 638166 | 0 | 638166 |
| പൈക്ക | 24569 | 983 | 25552 | 0 | 25552 |
| എംജിഎൻആർഇജിഎസ് | 0 | 971483 | 971483 | 971483 | 0 |
| കുടിവെള്ള ഗ്രാന്റ് | 84829 | 0 | 84829 | 0 | 84829 |
| അംഗൻവാടി | 3000 | 0 | 3000 | 0 | 3000 |

| | | | | | |
|---|---|---|---|---|---|
| നെയിം ബോർഡ് | | | | | |
| ആയുഷ് ഫണ്ട് | 500000 | 0 | 500000 | 0 | 500000 |
| വെൽഫയർ ഫണ്ട് | 7055 | 0 | 7055 | 0 | 7055 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 13648 | 549 | 14197 | 10000 | 4197 |
| ലൈഫ് മിഷൻ | 1557473 | 962743 | 2520216 | 2500000 | 20216 |
| സാക്ഷരത | 22190 | 238 | 22428 | 13911 | 8517 |
| എം സി എഫ് വിഹിതം | 800 | 0 | 800 | 0 | 800 |
| മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റ് | 13648 | 549 | 14197 | 10000 | 4197 |
| ശുചിത്വ മിഷൻ ഫണ്ട് | 439696 | 0 | 439696 | 300000 | 139696 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 279 | 180139970 | 205 | 79264793 | 23 | 74 | 182 | 65.23 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1601573 | 1534873 | 95.84 |
| വെറ്റിനറി സർജ്ജൻ | 5 | 5 | 2445170 | 1393870 | 57.01 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 16 | 13 | 6319137 | 3454334 | 54.66 |
| ഫിഷറീസ് ഓഫീസർ | 1 | 0 | 100000 | 0 | 0 |
| ഹെഡ് മാസ്റ്റർ | 15 | 14 | 1569260 | 1373125 | 87.5 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 4 | 3 | 750000 | 645956 | 86.13 |
| വി.ഇ.ഒ | 25 | 21 | 75939789 | 19177084 | 25.25 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 15 | 7123401 | 6955977 | 97.65 |
| സെക്രട്ടറി | 61 | 36 | 30815459 | 13226479 | 42.92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 114 | 79 | 48723470 | 28448922 | 58.39 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2400000 | 1159961 | 48.33 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 8 | 2052711 | 1594212 | 77.66 |
| ആകെ | 279 | 205 | 180239970 | 79264793 | 43.98 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 971483 | 971483 | 971483 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35538010 | 35538010 | 35538010 | 0 |
| ആകെ | 0 | 36509493 | 36509493 | 36509493 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 244 | 4612800 |
| വിധവാ പെൻഷൻ | 1009 | 16975400 |
| വാർദ്ധക്യകാല പെൻഷൻ | 1978 | 31886000 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 316 | 5487000 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 69 | 1186200 |
| വിവാഹ ധനസഹായം | 1 | 30000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2025 തീയതിയിൽ 2.45 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 286 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കൽ, ഫ്രണ്ട് ഓഫീസ്, ബാക്ക് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ, നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതി എന്നീ വിഷയങ്ങൾ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ആകെയുള്ള 15 വാർഡുകളിലും ആഗസ്റ്റ്, ഡിസംബർ മാസങ്ങളിലായി രണ്ട് തവണ മാത്രമേ ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ഗ്രാമ സഭകളിൽ 2024-25 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മാലിന്യ മുക്തം നവകേരളം, മഴക്കാല രോഗ പ്രതിരോധപ്രവർത്തനങ്ങൾ, ദുരന്തനിവാരണ പദ്ധതി, കിണർ റീചാർജ്ജിംഗ്, 2025-26 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിച്ച് സാധൂകരണം നൽകൽ, 2023-24 വരവ് - ചെലവ് കണക്ക് അംഗീകരിക്കൽ, 2024-25 തൊഴിലുറപ്പപദ്ധതി അധീഷനൽ ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, ലേബർബജറ്റ് അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും

**വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കിയില്ല.**

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ 2% നിരക്കിൽ ഈടാക്കിയിട്ടില്ലെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടച്ച രസീത് നം/ തീയതി | തൊഴിൽ നികുതി (₹) | ഈടാക്കിയ പിഴ (₹) | ഈടാക്കേണ്ട പിഴ (₹) | കുറവ് വന്ന തുക |
|---|---|---|---|---|---|
| ടിഎസ് നം 51 സി.ജി സുരേഷ് | 1240803118/ 17.03.2025 | 5400 | 570 | 756 | 186 |
| ടിഎസ് നം 52 സി.ജി സുരേഷ് | 1240803118/ 17.03.2025 | 1800 | 203 | 252 | 49 |
| ഗ്ലോബൽ ഇന്ത്യ പബ്ലിക്ക് സ്കൂൾ | 1240804058/ 30.03.2025 | 4800 | 240 | 672 | 432 |
| കല്ലേരിമല പെട്രോൾ പമ്പ് | 1240803744/ 26.03.2025 | 4500 | 225 | 630 | 405 |
| ടി.എസ് നം 50 സി ജി സുരേഷ് (ചാമുണ്ടിയിൽ വീർപ്പാട്) | 1240803133/ 17.03.2025 | 3000 | 338 | 420 | 82 |
| ആസ്റ്റേറ ഹെൽത്ത് കേർ | 12408033805/26.03.2025 | 2850 | - | 399 | 399 |
| വനിത സഹകരണ സംഘം | 1240502132/ 05.11.2024 | 1500 | 15 | 90 | 75 |
| അന്ന ഫിനാൻസ് | 1240502123/ 04.11.2024 | 1250 | - | 75 | 75 |

| | | | | | |
|---|---|---|---|---|---|
| ഗോപാൽ ഫ്യൂവൽസ് | 1240501793/ 05.10.2024 | 2100 | 21 | 84 | 63 |
| സന്തോഷം വെഡിങ്ങ് സെന്റർ | 1240501896/ 16.10.2024 | 3750 | - | 150 | 150 |
| ഗവ ഹോമിയോ ഡിസ്പെൻസറി | 1240803983/ 29.03.2025 | 2500 | - | 350 | 350 |
| എടത്തൊട്ടി ക്ഷീരോൽപാദന സംഘം | 1240800818/ 25.01.2025 | 1350 | 54 | 135 | 81 |

മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/19.11.2025) മറുപടിയായി തൊഴിൽ നികുതി ഇനത്തിൽ നികുതിദായകരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിരക്കിലുള്ള പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിലെ ഉദാഹരണങ്ങളിൽ പരാമർശിച്ചവരിൽ നിന്നുൾപ്പെടെ 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കാത്തതും കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതുമായ മുഴുവൻ നികുതിദായകരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ് .

## 1-12 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നംമ്പർ | വസ്തുനികുതി | തൻവർഷം (₹) | കുടിശ്ശിക (₹) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | 8929 | 1957 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | 149163 | 94890 |

നിലവിൽ ഈടാക്കിയിട്ടുള്ള/ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.11.2025) പ്രോസിക്യൂഷൻ, ആർ.ആർ നടപടികൾ സ്വീകരിച്ചു വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ആണിതെന്നും നികുതി ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃത നടപടികളിലൂടെ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ആറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പ് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും തൊഴിൽനികുതി സ്ലാബുകൾ പരിഷ്കരിച്ച് സ.ഉ.(സാധാ)നം.1149/2024/തസ്വഭവ തീയതി 27.06.2024 പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾ 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ ഒന്നു മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക

വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| തൊഴിൽ നികുതി രജിസ്റ്റർ പേജ് നം | സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കിയ തൊഴിൽ നികുതി (₹) | ഈടാക്കേണ്ട തൊഴിൽ നികുതി (₹) | കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|---|---|
| 65 | ഇരിട്ടി ഫ്യൂവൽസ് | ശിവദാസൻ | മാനേജർ | II | 45000 | 300 | 750 | 450 |
| | | ആകാശ് | സ്റ്റാഫ് | II | 42000 | 300 | 600 | 300 |
| | | സരിത | സ്റ്റാഫ് | II | 42000 | 300 | 600 | 300 |
| | | നിഷ | സ്റ്റാഫ് | II | 42000 | 300 | 600 | 300 |
| ആകെ | | | | | | | | 1350 |

കുറവ് വന്ന ₹1350 ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2) എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ നിരവധി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം |
|---|---|---|
| 286 | നിദ്ര ഫണിച്ചർ ആന്റ് മാട്രസ്സ് | 2 |
| 257 | അക്ഷയ സെന്റർ | 2 |
| 255 | സോളാർ ജിനോയിസ്സ് | 3 |
| 254 | വർക്ക്ഷോപ്പ് | 2 |
| 253 | സാഗർ ഹോട്ടൽ | 2 |
| 227 | മെട്രോൺ ഇലക്ട്രോണിക്ക് | 2 |
| 239 | ലോയൽ എന്റർപ്രൈസ് | 3 |
| 240 | ആയുർവേദ കളരി കേന്ദ്രം | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/19.11.2025) മറുപടിയായി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ട എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പി എച്ച് സി യിൽ ഇൻവേർട്ടർ സ്ഥാപിക്കൽ - പർച്ചേസ് നടപടിക്രമങ്ങളിൽ അപാകം

മുഴക്കുന്ന് പി എച്ച് സി യിൽ ഇൻവേർട്ടർ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്റ്റ് നം/പേര് | 296/25, പി എച്ച് സി യിൽ ഇൻവേർട്ടർ സ്ഥാപിക്കൽ |

| | |
|---|---|
| അടങ്കൽ | ₹1,00,000 തനത് ഫണ്ട് |
| ചെലവ് | ₹98,000 ബിൽ നം 286/18.02.2025 |

പദ്ധതി നടപ്പിലാക്കുന്നതിന് സിയോൺ പവർ സൊല്യൂഷൻസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ ഇൻവേർട്ടർ വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം. 292/16.01.25). 08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ- പ്രകാരം ഗ്രാമ പഞ്ചായത്തുകൾ 25000രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പാലിക്കാതെ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ് ഇൻവേർട്ടർ പർച്ചേസിനായി സിയോൺ പവർ സൊല്യൂഷൻസ്, കണ്ണൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്.

അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പർചേസ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-15 സാന്ത്വന പരിചരണം 2024-25 - പദ്ധതി അപാകങ്ങൾ - 3,62,798 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ അധിവസിക്കുന്ന വൃദ്ധർ, ദീർഘകാല രോഗികൾ, കിടപ്പു രോഗികൾ, മാറാരോഗികൾ, പരിചരണം ആവശ്യമുള്ളവർ എന്നിവർക്ക് വീടുകളിൽ ചെന്ന് പരിചരണം ലഭ്യമാക്കുക, ഇതിന് ആവശ്യമായ മരുന്നും മറ്റ് അവശ്യസാധനങ്ങളും ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യം വെക്കുന്നത്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നം/പേര് | 124/25, സാന്ത്വന പരിചരണം 2024-25 |
| അടങ്കൽ | ₹9,00,000 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹9,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹18,00,000 |
| ചെലവ് | വികസന ഫണ്ട് (പൊതു വിഭാഗം)<br>₹1,54,260 ബിൽ നം 32/19.06.2024<br>₹52,030 ബിൽ നം 40/09.07.2024<br>₹55,482 ബിൽ നം 75/07.08.2024<br>₹51,815 ബിൽ നം 77/07.08.2024<br>₹52,175 ബിൽ നം 106/13.09.2024<br>₹93,527 ബിൽ നം 112/01.10.2024<br>₹63,276 ബിൽ നം 115/05.10.2024<br>₹52,045 ബിൽ നം 183/12.12.2024<br>₹55,685 ബിൽ നം 184/12.12.2024<br>₹51,970 ബിൽ നം 193/13.12.2024<br>₹51,655 ബിൽ നം 226/09.01.2025<br>₹5,000 ബിൽ നം 266/03.02.2025<br>₹51,660 ബിൽ നം 275/03.02.2025<br>₹52,050 ബിൽ നം 332/07.03.2025<br>₹4,174 ബിൽ നം 353/10.03.2025<br>₹10,900 ബിൽ നം 387/17.03.2025<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>₹1,74,349 BRN 2422055201330073147 8/01.10.24<br>₹1,44,099 BRN 242205520133010214 31/12.12.24<br>₹24,103 BRN 242205520133010214 70/12.12.24 |

| | |
|---|---|
| | ₹29,384 BRN 2422055201330102148З/12.12.24<br>₹57,285 BRN 24220552013301021857/12.12.24<br>₹1,42,134 BRN 24220552013301455041/07.03.25<br>₹1,29,920 BRN 24220552013301455112/07.03.25<br>ആകെ - ₹15,58,978 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പി എച്ച് സി യിലേക്ക് മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ ബില്ലുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ/തീയതി | പ്രൊഫോമ ഇൻവോയിസ് നം. | തുക (₹) | ലഭിച്ച മരുന്നുകളുടെ വില (₹) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 1 | 112/01.10.2024 | PRF 976/21.08.24 | 93,527 | - | 93,527 |
| 2 | 184/12.12.2024 | PRF 1836/02.11.24 | 50,194 | - | 50,194 |
| 3 | BRN 24220552013301455112/07.03.25 | PRF 1126/06.06.24 | 74,189 | 53,760 | 20,429 |
| 4 | BRN 24220552013301455112/07.03.25 | PRF 681/22.07.24 | 57,828 | - | 57,828 |
| 5 | BRN 24220552013301455112/07.03.25 | PRF 2932/15.01.25 | 1,29,920 | - | 1,29,920 |
| | | ആകെ | 405658 | 53,760 | 351898 |

മേൽ പട്ടികയിൽ പരാമർശിച്ച പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകളും, സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) കെ കെ വുഡ് ക്രാഫ്റ്റ്സ്, പേരാവൂർ എന്ന സ്ഥാപനത്തിൽ നിന്ന് ബുക്ക് ഷെൽഫ് വാങ്ങിയ ഇനത്തിലെ (ഇൻവോയിസ് നം. L0105/14.02.25) തുക (₹10,900) ബിൽ നം 387/17.03.2025 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 0614083000000026). എന്നാൽ പർച്ചേസിനായി സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/21.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 3,62,798 രൂപയുടെ (₹3,51,898+₹10,900) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി - പദ്ധതി അപാകങ്ങൾ

കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ - സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നം/ പേര് | 125/25, കണ്ണൂർ ഫൈറ്റ് ക്യാൻസർ - സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി |
| അടങ്കൽ | ₹25,000 വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹25,000 തനത് ഫണ്ട്<br>ആകെ - ₹50,000 |
| ചെലവ് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹22,800 ബിൽ നം 367/12.03.2025<br>തനത് ഫണ്ട്<br>₹3560 ബിൽ നം 368/12.03.2025 |

| | |
|---|---|
| | ആകെ - ₹26,360 |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി 15.02.2025 ന് നടത്തപ്പെട്ട ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പുമായി ബന്ധപ്പെട്ട ചെലവുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ബുക്ക് ലറ്റ്, ലഘുലേഖകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുക, ബാനർ, IEC ബോർഡുകൾ എന്നിവ തയ്യാറാക്കുക, വാർഡ് തലത്തിൽ ക്യാൻസർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, സർവേ, ബോധവൽക്കരണം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ ഭൗതിക ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/21.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 വഞ്ചേരി പി എച്ച് സി സബ്സെന്ററിന് അടിസ്ഥാന സൗകര്യം - റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ നേരിട്ട് വാങ്ങി

വഞ്ചേരി പി എച്ച് സി സബ്സെന്ററിന് ഫർണിച്ചറുകൾ ലഭ്യമാക്കി ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നം/പേര് | 175/25, വഞ്ചേരി പി എച്ച് സി സബ്സെന്ററിന് അടിസ്ഥാന സൗകര്യം (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,00,000 തനത് ഫണ്ട് |
| ചെലവ് | ₹99,708 ബിൽ നം 264/03.02.2025 |

പദ്ധതിയുടെ ഭാഗമായി സിഡ്കോയിൽ നിന്ന് നേരിട്ടാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. (ഇൻവോയിസ് നം. KNR/24-25/127 Dtd 18.01.2025). പർച്ചേസ് ചെയ്ത ഉൽപ്പന്നങ്ങളിൽ പ്ലാസ്റ്റിക് ആം ചെയർ (20 എണ്ണം) ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 'സിഡ്കോ' എന്ന സ്ഥാപനത്തിന് റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (സാ.ധാ) 97/2022/ എസ്.പി.ഡി. തീയതി 23.12.2022 ൽ ഈ ഇനം ഉൾപ്പെടുന്നില്ല. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ സാധാരണ സ്റ്റോർ പർചേസ് നടപടിക്രമങ്ങളിലൂടെ മാത്രമേ വാങ്ങാവൂ എന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർചേസ് നടപടിക്രമങ്ങളിലൂടെ മാത്രം വാങ്ങുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-18 വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം - പദ്ധതി അപാകങ്ങൾ - 64,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

01.01.2021 ലെ ഡി എ 1/321/2020 - ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ആഴ്ചയിൽ പരമാവധി 1000 രൂപ ക്രമത്തിൽ പ്രതിമാസം പരമാവധി 4000 രൂപ നിരക്കിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നം/പേര് | 123/25, വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം |
| അടങ്കൽ | ₹3,00,000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹3,00,000 ബിൽ നം 397/19.03.2025 |

പദ്ധതിയുടെ ഭാഗമായി വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം ഇനത്തിലെ തുക വിവിധ ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി | അക്കൗണ്ട് നം. | തുക (₹) |
|---|---|---|---|
| 1 | അമല മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഇരിട്ടി | 14580200000011 | 1,92,000 |
| 2 | സലാല ഡയാലിസിസ് സെന്റർ, ഉളിയിൽ | 16340200001263 | 80,000 |
| 3 | MIMS, കണ്ണൂർ | 50200038405761 | 28,000 |
| ആകെ | | | 3,00,000 |

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ജിനേഷ് ഖാൻ എന്ന വ്യക്തിയുടെ 9 മാസത്തെ ഡയാലിസിസ് ഇനത്തിലെ ധനസഹായ തുക (₹36,000) ഇരിട്ടി അമല മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് മേൽ ബിൽ പ്രകാരം നൽകിയതാണ്. എന്നാൽ പ്രസ്തുത രോഗിക്ക് മെഡിസെപ്പ് ഉള്ളതിനാൽ ടിയാന് അനുവദിച്ച തുക ഉപയോഗിച്ചില്ലെന്നും പ്രസ്തുത തുക ആശുപത്രി അക്കൗണ്ടിൽ ഉണ്ടെന്നും 26.09.2025 തീയതിയിലെ ആശുപത്രി ഡിസ്ചാർജ്ജ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് (സ്ഥാപനം ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരവും ആശുപത്രിക്ക് അനുവദിച്ച 1,92,000 രൂപയിൽ 1,56,000 രൂപ മാത്രമാണ് വിനിയോഗിച്ചത്). വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ആശുപത്രി അക്കൗണ്ടിൽ നിന്ന് തിരികെ ഈടാക്കിയോ എന്ന് വ്യക്തമല്ല.

2) MIMS, കണ്ണൂർ ആശുപത്രിക്ക് അനുവദിച്ച തുകയുടെ (₹28,000) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ 64,000 രൂപയുടെ (₹36,000+₹28,000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പി എച്ച് സി യിൽ കമ്പ്യൂട്ടർ വാങ്ങൽ -സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല - 49,957 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മുഴക്കുന്ന് പി എച്ച് സിയിലേക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാക്കി ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നം/പേര് | 297/25, പി എച്ച് സി യിൽ കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹1,00,000 തനത് ഫണ്ട് |
| ചെലവ് | ₹50,000 ബിൽ നം 252/23.01.2025<br>₹49,957 ബിൽ നം 455/24.03.2025<br>ആകെ - ₹99,957 |

പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | ഇനം | ഇൻവോയിസ് നം | തുക (₹) |
|---|---|---|---|---|
| 1 | സെർവിറ്റ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | SSPL/24-25/389 Dtd 01.01.25 | 50,000 |
| 2 | എ ആർ എ ഇൻഫോടെക്, കൂത്തുപറമ്പ | ലാപ്ടോപ്പ് കമ്പ്യൂട്ടർ | AR/24/7 Dtd 22.03.25 | 49,957 |

മേൽ പട്ടികയിലെ ക്രമ നം. 2 പ്രകാരം ലാപ്ടോപ്പ് പർച്ചേസിനായി എ ആർ എ ഇൻഫോടെക്, കൂത്തുപറമ്പ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 49,957 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). എന്നാൽ മുഴക്കുന്ന് പ്രൈമറി ഹെൽത്ത് സെന്റർ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവു ചെലവ് കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ

ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- പദ്ധതി അപാകങ്ങൾ - 272771 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മുഴക്കുന്ന് പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായുള്ള പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്റ്റ് നം/പേര് | 129/25, പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹8,00,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹1,45,348 ബിൽ നം 76/07.08.2024<br>₹2,85,741 ബിൽ നം 111/01.10.2024<br>₹84,636 ബിൽ നം 186/12.12.2024<br>₹3,502 ബിൽ നം 225/09.01.2025<br>₹73,132 ബിൽ നം 253/23.01.2025<br>₹1,62,559 ബിൽ നം 255/23.01.2025<br>₹39,919 ബിൽ നം 361/11.03.2025<br>₹5,098 ബിൽ നം 396/19.03.2025<br>ആകെ: ₹7,99,935 |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) പി എച്ച് സി യിലേക്ക് മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ ബില്ലുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | പ്രൊഫോമ ഇൻവോയിസ് നം. | തുക (₹) | ലഭിച്ച മരുന്നുകളുടെ വില (₹) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 1 | 76/07.08.2024 | PRF-682/ 22-07-2024 | 1,18,692 | - | 1,18,692 |
| 2 | 111/01.10.2024 | PRF-1122/06-09-2024 | 1,19,154 | 24,077 | 95,077 |
| ആകെ | | | | 24,077 | 213769 |

മേൽ പട്ടികയിൽ പരാമർശിച്ച പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകളും, സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് പർച്ചേസ് ചെയ്ത മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ നം. | സ്ഥാപനം | ഇൻവോയിസ് നം. | തുക (₹) |
|---|---|---|---|---|
| 1 | 111/01.10.2024 | നീതി മെഡിക്കൽ സ്റ്റോർ, വടകര | Inv/24-25/22730 Dtd 09.09.24 | 19,083 |
| 2 | 361/11.03.2025 | പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്ര, ഉളിയിൽ | 10893/06.03.25 | 30,469 |
| 3 | 361/11.03.2025 | പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്ര, ഉളിയിൽ | 10892/06.03.25 | 9,450 |
| ആകെ | | | | 59,002 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും

രേഖകളുടെയും അഭാവത്തിൽ 272771 രൂപയുടെ (₹213769 + ₹59,002) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 അതിദാരിദ്ര്യ നിർമാർജ്ജനം-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെയും മരുന്നുകൾ വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-18,641 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ആരോഗ്യകരമായ ഉന്നമനത്തിന്റെ ഭാഗമായി അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിക്കായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്റ്റ് നം/പേര് | 126/25, അതിദാരിദ്ര്യ നിർമാർജ്ജനം - മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹25,000 വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹25,000 തനത് ഫണ്ട്<br>ആകെ: ₹50,000 |
| ചെലവ് | ₹9,666 ബിൽ നം 233/14.01.2025<br>₹8,975 ബിൽ നം 414/21.03.2025<br>ആകെ: ₹18,641 |

പദ്ധതിയുടെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോർ, വടകരയിൽ നിന്ന് ചുവടെ ചേർത്ത ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയിസ് നം. | തുക (₹) |
|---|---|---|
| 1 | INV/24-25/32736 Dtd 18.11.24 | 3547 |
| 2 | INV/24-25/38246 Dtd 27.12.24 | 6119 |
| 3 | INV/24-25/49344 Dtd 12.03.25 | 6501 |
| 4 | INV/24-25/50200 Dtd 19.03.25 | 2474 |
| ആകെ | | 18,641 |

എന്നാൽ പദ്ധതിക്കായി അതിദരിദ്രരെ തെരഞ്ഞെടുത്തതിന്റെയും മരുന്നുകൾ വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 18,641 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ - പദ്ധതി അപാകങ്ങൾ -49,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്റ്റ് നം/പേര് | 302/25, ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ - സ്പിൽ ഓവർ |
| അടങ്കൽ | ₹2,64,733 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹49,750 ബിൽ നം 478/25.03.2025 |

പദ്ധതിയുടെ ഭാഗമായി പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്ര, ഉളിയിലിൽ നിന്ന് HB Strip Quick Check Plus വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം. 11806/25.03.25). പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതുമായി ബന്ധപ്പെട്ട് DDMS ൽ നിന്നുള്ള MCR റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) നം115/2022/എൽ.എസ്.ജി.ഡി. തീയതി 28.05.2022 ലെ ഖ.7.6.4 - ഔഷധങ്ങൾ വാങ്ങലിൽ, വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ, ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ എ സി ലഭ്യമാക്കി തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള എൻ എ സി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 49,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 സബ് സെന്ററുകൾ ഹെൽത്ത് വെൽനസ് സെന്ററുകളായി ഉയർത്തൽ – പദ്ധതി അപാകങ്ങൾ – 32,505 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നം/പേര് | 301/25, സബ് സെന്ററുകൾ ഹെൽത്ത് വെൽനസ് സെന്ററുകളായി ഉയർത്തൽ - സ്പിൽ ഓവർ |
| അടങ്കൽ | ₹3,41,224 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹2,38,330ബിൽ നം 114/01.10.2024<br>₹8,550 ബിൽ നം 130/24.10.2024<br>₹16,875 ബിൽ നം 131/24.10.2024<br>₹43,000 ബിൽ നം 155/25.11.2024<br>₹4900 ബിൽ നം 258/29.01.2025<br>₹7450 ബിൽ നം 315/28.02.2025<br>₹8066 ബിൽ നം 331/07.03.2025<br>₹4873 ബിൽ നം 360/11.03.2025<br>₹9180 ബിൽ നം 386/17.03.2025<br>ആകെ - ₹3,41,224 |

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) കോ ബ്രാൻഡിംഗിന്റെ ഭാഗമായി ജനകീയ ആരോഗ്യ കേന്ദ്രം, മെയിൻ സെന്റർ; പി എച്ച് സി മുഴക്കുന്ന്; ജനകീയ ആരോഗ്യ കേന്ദ്രം, വേഞ്ചേരി എന്നിവിടങ്ങളിൽ പെയിന്റിംഗ് പ്രവർത്തികൾ നടത്തിയ ഇനത്തിൽ ബിൽ നം 155/25.11.2024 പ്രകാരമുള്ള തുക (₹43,000) ഐശ്വര്യ ആർട്ട് വർക്ക്, കോളയാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ- പ്രകാരം ഗ്രാമ പഞ്ചായത്തുകൾ 25000രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പാലിക്കാതെ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ് ഐശ്വര്യ ആർട്ട് വർക്ക്, കോളയാട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്.

2) 130/24.10.2024, 131/24.10.2024 എന്നീ ബില്ലുകളും അനുബന്ധ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) സിയ സൂപ്പർ ഷോപ്പ്, കാക്കയങ്ങാട് എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ഇൻഡക്ഷൻ കുക്കർ വാങ്ങിയ ഇനത്തിലെ തുക (ഇൻവോയിസ് നം. 1220/06.03.25 - ₹3,600) ബിൽ നം 386/17.03.2025 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 40425100011237). എന്നാൽ ഇത് സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) റെയ്ഡ്കോ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒരു Hand Sprayer വാങ്ങിയ ഇനത്തിലെ തുക (ഇൻവോയിസ് നം. IRY/555/2024-2025 Dtd 03.03.25 - ₹3,480) ബിൽ നം 386/17.03.2025 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 120032876820). എന്നാൽ ഇത് സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/22.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല.
ക്രമ നം. 1 ൽ പരാമർശിച്ച അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പർചേസ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 32,505 രൂപയുടെ (₹8,550+₹16,875+₹3,600+₹3,480) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 സബ്സിഡി വിതരണം – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നംമ്പർ/ പേര് | 24/2025, പശു വിതരണം (ജനറൽ) |
| നിർവ്വഹണ | വെറ്റിനറി സർജൻ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ തുക | ₹ 1800000/- (വികസന ഫണ്ട് ജനറൽ- 900000, ഗുണഭോക്തൃ വിഹിതം - ₹ 900000) |
| ചെലവ് തുക | ₹ 750000 /- (വികസന ഫണ്ട്) |
| ബിൽ നമ്പർ / തീയ്യതി | 363/11.03.2025- ₹600000<br>416/21.03.2025- ₹150000 |

വെറ്റിനറി സർജൻ നിർവഹണം നടത്തിയ പശു വിതരണം പദ്ധതിയുടെ ഭാഗമായി 25 ഗുണഭോക്താക്കൾക്ക് 60000/ രൂപ വിലയുള്ള പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ.(എം.എസ് )115/2022 തീയതി. 28.05.2022 പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി,ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.3(33)ലെ പൊതു നിർദ്ദേശ പ്രകാരം ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 25 ഗുണഭോക്താക്കൾക്ക് വേണ്ടി പശുക്കളെ വില്പന നടത്തിയ വ്യക്തികൾക്ക് തുക കൈമാറാതെ ഗുണഭോക്താക്കൾ വായ്പ എടുത്ത ബാങ്കുകളിലേക്ക് രണ്ടു ബില്ലുകളായി 25 പേർക്ക് 30000/- രൂപ വീതം നൽകുകയാണുണ്ടായത്. സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സബ്സിഡി തുക ബാങ്കുകൾക്ക് കൈമാറിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.54/24.11.2025) മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സബ്സിഡി തുക വിൽപനക്കാരന്റെ ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറുന്ന രീതിയിൽ പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല

2024-25 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 4 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ 2022-23 സാമ്പത്തിക വർഷം ആദ്യ ഗഡു തുക കൈപ്പറ്റിയ ഒരു ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ലൈഫ് 2020 – പട്ടികവർഗ്ഗം (18/25)**

| ഗുണഭോക്താവിന്റെ പേര് | ലൈഫ് രജിസ്റ്ററിലെ പേജ് നമ്പർ | ആദ്യ ഗഡുവായി നൽകിയ തുക (₹), തീയതി | നാളിതു വരെ കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| സേതു കെ കെ | 38 | 40,000 , 17.03.2023 | 4,90,974 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.11.25) മറുപടിയായി മേൽ പട്ടികയിൽ പരാമർശിച്ച ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തായാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ - പട്ടികവർഗ്ഗം - പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയിട്ടില്ല

പദ്ധതിയുടെ ഭാഗമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുഴക്കുന്ന് സർക്കിൾ |
| പ്രൊജക്ട് നമ്പർ, പേര് | 02/25, വീട് വാസയോഗ്യമാക്കൽ - പട്ടികവർഗ്ഗം |
| അടങ്കൽ | ₹6,00,000 വികസന ഫണ്ട് (ടി എസ് പി) |
| ചെലവ് | ₹75,000 ബിൽ നമ്പർ 285/17.02.2025<br>₹75,000 ബിൽ നമ്പർ 327/07.03.2025<br>₹75,000 ബിൽ നമ്പർ 395/18.03.2025<br>₹75,000 ബിൽ നമ്പർ 403/19.03.2025<br>₹55,000 ബിൽ നമ്പർ 487/26.03.2025<br>ആകെ - ₹3,55,000 |

പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക (₹) | എഗ്രിമെന്റ് തീയതി | എഗ്രിമെന്റ് പ്രകാരം ഭവനനിർമാണം പൂർത്തിയാക്കേണ്ടത് |
|---|---|---|---|---|
| 1 | ജാനകി രാഘവൻ | 75,000 (ആദ്യ ഗഡു) | 17.03.2025 | കരാർ ഒപ്പിട്ട തീയതി കഴിഞ്ഞ് മൂന്ന് മാസത്തിനകം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.11.25) മറുപടിയായി മേൽ പട്ടികയിൽ പരാമർശിച്ച ഗുണഭോക്താവിന്റെ റിപ്പയർ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തായാക്കി വാല്യുവേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ , പേര് | 70/25 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹300000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക/ ബിൽ നമ്പർ | ₹300000 (197/17.12.2024) |

ഗ്രാമപഞ്ചായത്തിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനുള്ളതാണ് പ്രൊജക്റ്റ് . പ്രോജക്റ്റ് നിർവഹണത്തിന്റെ ഭാഗമായി മേൽ ബിൽ മുഖേന 300000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.
ഗ്രാമ പഞ്ചായത്തിന്റെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പെട്ട 6 (ശ്രുതി ജാൻ, അർദ്ധേന്ദുമിത്ര, സാനിയ കല്ലിങ്കൽ, ഗൗരി നന്ദന, സഞ്ജയ്. പി. വി, അന്ന മരിയ ജോഷി എന്നീ ഓരോ ഗുണഭോക്താവിനും ₹50000 വീതം ) കുട്ടികൾക്കാണ് ആനുകൂല്യം നൽകിയത് . പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിങ്ങിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുകുട്ടിക്ക് 50,000രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷ മിഷന് കൈമാറേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സർക്കാറിന്റെ 9-11-2023 ലെ സർക്കുലർ നമ്പർ DA1/284/2023-തസ്വഭവ പ്രകാരം, ടി പദ്ധതിക്ക് തുക നൽകുന്നത് 2023-24 വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലായിരിക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിൽ അടവാക്കി ട്രാൻസാക്ഷൻ രശീതും കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വർഷാവർഷം ഓരോ കുട്ടിയുടെയും ഇംപ്ലാന്റ് മെയിന്റനൻസിന്റെ ആവശ്യകത ഉന്നയിക്കുകയോ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ചെയ്യേണ്ടതില്ല എന്നും മെയിന്റനൻസിന്റെ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തിക വർഷാദ്യം തന്നെ പ്രൊജക്റ്റ് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനും വർഷാവസാനം തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ് എന്നും മേൽ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയെങ്കിലും കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിങ് നടത്തിയത് തെളിയിക്കുന്ന രേഖകളോ ,സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രമോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/21.11.2024) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ₹300000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസജില്ല-രേഖകൾ പൂർണ്ണമല്ല - ₹74400 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്റ്റ് നമ്പർ/ | 47/25,പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി |

| | |
|---|---|
| പേര് | വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹74,400 വികസനഫണ്ട്-ജനറൽ |
| ചെലവ് | ₹74,400 ബിൽ നമ്പർ: 452/24.03.2025 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് ഉടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അമ്പത് വയസ്സുവരെയുള്ള എല്ലാവരും സെക്കണ്ടറി വിദ്യാഭ്യാസയോഗ്യത നേടുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ പ്രോജക്ട് പ്രകാരം പത്താം തരം, പ്ലസ് വൺ , പ്ലസ് ടു എന്നീ കോഴ്സുകളുടെ തുല്യതാ പരാക്ഷാഫീസ് ഒടുക്കുന്നതിനായി ചുവടെക്കാണിച്ച പ്രകാരം ആകെ ₹74,400 വകയിരുത്തുകയും കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയരക്ടറുടെ അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| പത്താം തരം തുല്യത | 12 പേർ @1950 | ₹23,400 |
| പ്ലസ് വൺ തുല്യത | 9 പേർ@2600 | ₹23,400 |
| പ്ലസ് ടു തുല്യത | 12 പേർ@2300 | ₹27,600 |
| **ആകെ** | | **₹74,400** |

എന്നാൽ, കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി, പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിലവിൽ തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട് എന്നതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/20-11-2025) ലഭ്യമാക്കിയ മറുപടിയോടൊപ്പം ലഭ്യമാക്കിയ രേഖകളിൽ കൈപ്പറ്റ് രശീതി, ചില പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, ഹാൾടിക്കറ്റുകൾ എന്നിവ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ₹74400 ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-30 കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 163/25, കുട്ടികൾക്ക് ഫുട്ബാൾ, വോളിബോൾ പരിശീലനം (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 55,000 വികസനഫണ്ട്(പൊതു വിഭാഗം)<br>₹45,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹50,000 വികസനഫണ്ട്(പൊതു വിഭാഗം)<br>₹40,910 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ബിൽ നമ്പർ & തീയതി | 26/16-05-2024<br>BRN 2322055201690155 1786, Dated 25-03-2024 |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. 21.12.2024 മുതൽ 25 ദിവസങ്ങളിലായി 85 കുട്ടികൾക്ക് പരിശീലനം നൽകിയതിന്റെ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് 27,460 രൂപയും, രണ്ട് പരിശീലകർക്ക് വേതനം നൽകിയ ഇനത്തിൽ (@25000) 50,000 രൂപയും, കായിക ഉപകരണങ്ങൾ വാങ്ങിയതിനായി 13,450 രൂപയും ഉൾപ്പെടെ ആകെ 90,910 രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 1528/2023 LSGD തീ. 26.7.2023 പ്രകാരം അഞ്ചാം ക്ലാസ് മുതലുള്ള സ്കൂൾ വിദ്യാർഥികളുടെ പരിശീലനത്തിനായി നിയമിക്കപ്പെടുന്ന കായികാധ്യാപകർക്ക് ഒരു ദിവസത്തേക്ക് ഒരു മണിക്കൂർ വീതമുള്ള സെഷന് 500 രൂപ നിരക്കിൽ ഒരു മാസം പരമാവധി 15000 രൂപ വേതനം നൽകാനാണ് അനുമതിയുള്ളത്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ദിവസം 1000 രൂപ നിരക്കിൽ 25 ദിവസത്തേക്ക് 25,000 രൂപ നിരക്കിൽ രണ്ട് പരിശീലകർക്ക് വേതനം നൽകിയിട്ടുണ്ട് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/20-11-2025)ലഭ്യമാക്കിയ മറുപടിയിൽ, വിവിധ സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ഗ്രൗണ്ടിൽ വെച്ച് പ്രത്യേകമായി ഫുട്ബോൾ, വോളിബോൾ പരിശീലനം 25 ദിവസം കൊണ്ട് പൂർത്തീകരിച്ചതാണെന്നും ദിവസവും രണ്ടുമണിക്കൂറിലധികം സമയം പരിശീലനം നൽകിയിട്ടുണ്ടെന്നുമാണറിയിച്ചത്. ഈ മറുപടി തൃപ്തികരമല്ല. ഭാവിയിൽ, മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി മാത്രം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം - നിർമാണം പൂർത്തിയായിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 88/25, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം |
| അടങ്കൽ | വികസന ഫണ്ട് (ടി എസ് പി): ₹3,25,000 |
| ചെലവ് | ₹30,000, ബിൽ നം 230/13.01.2025<br>₹30,000, ബിൽ നം 278/11.02.2025<br>₹60,000, ബിൽ നം 288/20.02.2025<br>₹60,000, ബിൽ നം 357/10.03.2025<br>₹1,45,000, ബിൽ നം 420/21.03.2025<br>ആകെ - ₹3,25,000 |

സ.ഉ(സാധാ)നം.1877/2023/ത.സ്വ.ഭ.വ തീയതി.21-09-23 ഖണ്ഡിക 3 പ്രകാരം ആകെ ധനസഹായമായ 2 ലക്ഷം രൂപയിൽ ₹30000 അഡ്വാൻസായി നൽകാം എന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ്മെന്റ് പൂർത്തിയാകുമ്പോൾ ₹60000, മേൽക്കൂര പൂർത്തിയാകുമ്പോൾ ₹80000, പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ ₹30000 എന്നിങ്ങനെ 3 ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാമെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു നൽകാവുന്നതാണ് എന്നും എല്ലാ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ 800 ചതുരശ്ര അടിയിൽ അധികമാകാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി ബിന്ദു പി കെ, ഉഷ കെ കെ എന്നീ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ട്രഷറി ബിൽ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പഠനമുറി നിർമ്മാണത്തിനായി ₹1,62,500 വീതം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/21.11.25) മറുപടിയായി ഗുണഭോക്താക്കളുടെ പഠനമുറി നിർമാണം നിലവിൽ മേൽക്കൂരയുടെ കോൺക്രീറ്റ് വർക്കും പ്ലാസ്റ്ററിംഗ് വർക്കും പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തായാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം(സ്പിൽ ഓവർ)- പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 248/25, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ധനസഹായം - സ്പിൽ ഓവർ |
| അടങ്കൽ | വികസന ഫണ്ട് (ടി എസ് പി): ₹66,911 |
| ചെലവ് | ₹66,911, ബിൽ നം 132/25.10.2024 |

സ.ഉ(സാധാ)നം.1877/2023/ത.സ്വ.ഭ.വ തീയതി.21-09-23 ഖണ്ഡിക 3 പ്രകാരം ആകെ ധനസഹായമായ 2 ലക്ഷം രൂപയിൽ ₹30000 അഡ്വാൻസായി നൽകാം എന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ്മെന്റ് പൂർത്തിയാകുമ്പോൾ ₹60000, മേൽക്കൂര പൂർത്തിയാകുമ്പോൾ ₹80000, പ്ലാസ്റ്ററിംഗ്,

വൈറ്റ് വാഷിംഗ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ ₹30000 എന്നിങ്ങനെ 3 ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാമെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു നൽകാവുന്നതാണ് എന്നും എല്ലാ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ 800 ചതുരശ്ര അടിയിൽ അധികമാകാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഷീബ കെ വി എന്ന ഗുണഭോക്താവിന് പഠനമുറി നിർമാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. പഠനമുറി നിർമ്മാണത്തിനായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് മൂന്നാം ഗഡു തുകയാണ് മേൽ ബിൽ പ്രകാരം നൽകിയിട്ടുള്ളത്. ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.11.25) മറുപടിയായി പഠനമുറി നിർമാണം നിലവിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നിർമാണം പൂർത്തിയായതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ട് ആയതിനാൽ മുൻ വർഷം പ്രസ്തുത ഗുണഭോക്താവിന് അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ഗുണഭോക്താവിന് പഠനമുറി നിർമാണത്തിനായി മുൻ വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ, നിർമാണം പൂർത്തിയായതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണയ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-33 പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം- അപേക്ഷ സമർപ്പിച്ച തീയതി വ്യക്തമല്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 85/25, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം |
| അടങ്കൽ | വികസന ഫണ്ട് (ടി എസ് പി): ₹2,50,000 |
| ചെലവ് | ₹2,50,000, ബിൽ നം 240/17.01.2025 |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. മേൽ പ്രൊജക്ട് പ്രകാരം 2 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് (₹1,25,000 വീതം). സ.ഉ(കൈ) നം.115/22/എൽ.എസ്.ജി.ഡി. തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകളിൽ ജില്ലാ ആസൂത്രണ സമിതി മെമ്പറായ ജില്ലാ കലക്ടറുടെ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ നിഷ സി കെ എന്നവരുടെ വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം വിവാഹം നടന്നത് 20.08.2023 നാണ്. എന്നാൽ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച തീയതി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. വിവാഹം കഴിഞ്ഞ് 180 ദിവസത്തിന് ശേഷമാണ് അപേക്ഷ സമർപ്പിച്ചതെങ്കിൽ ജില്ലാ കലക്ടറുടെ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.11.25) മറുപടിയായി നിഷ സി കെ എന്നവരുടെ അപേക്ഷ യഥാസമയം തന്നെ ലഭിച്ചിരുന്നതാണെന്നും എന്നാൽ 2023-24 വർഷം മതിയായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് 2024-25 വർഷത്തെ വാർഷിക പദ്ധതിയിലെ പ്രൊജക്ടിൽ നിന്ന് വിവാഹ ധനസഹായം അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ സമർപ്പിച്ച തീയതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-34 എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമല്ല ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 110/25 ,എ.ബി.സി പദ്ധതിക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | ₹100000, വികസന ഫണ്ട്- പൊതുവിഭാഗം |
| ചെലവ് | ₹100000, ബിൽ നമ്പർ: 190/13-12-2024 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (17/21-11-2025) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-35 വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗ വിവരം ലഭ്യമല്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 336/25 , വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹25000 , തനത് ഫണ്ട് |
| ചെലവ് | ₹25000 ,ബിൽ നമ്പർ 485/25.03.25 |

വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് പദ്ധതിയിൽ സർക്കാർ ഉത്തരവ് (സാധാ ) നമ്പർ 645/2025 /ത.സ്വ.ഭ.വ തീയതി 7-3-2025 പ്രകാരം സംസ്ഥാനത്ത് മാലിന്യസംസ്കരണപ്രവൃത്തികളോടനുബന്ധിച്ച് വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പേരിൽ സംഘടിപ്പിക്കുന്ന ഇവന്റിനു വേണ്ടി പഞ്ചായത്ത് വിഹിതമായി മേൽ ബിൽ പ്രകാരം 25000 രൂപ ശുചിത്വമിഷന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/21-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-36 തെരുവ് വിളക്ക് മെയിൻ ലൈൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല - ₹740544 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 73/25 സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹720000 (CFC ബേസിക്ക്)<br>₹30000( തനത് ഫണ്ട്)<br>₹750000(ആകെ) |
| ചെലവ് | ആകെ=₹740544<br>₹720000 (170/10.12.2024)<br>₹20544 (169/10.12.2024) |

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി തയാറാക്കിയതാണ് മേൽ പ്രോജക്ട് . പ്രോജക്ട് നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 740544 രൂപ ഇലക്ട്രിക്കൽ സെക്ഷൻ, കാക്കയങ്ങാടിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമോ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/21.11.25) മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ₹740544 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 കുടുംബാരോഗ്യ കേന്ദ്രം-പാലാ സബ് സെന്റർ കെട്ടിട നിർമ്മാണം-പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല - ₹2775000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 332/25 -കുടുംബാരോഗ്യ കേന്ദ്രം-പാലാ സബ് സെന്റർ കെട്ടിട നിർമ്മാണം തുക കൈമാറൽ |
| അടങ്കൽ | ₹ 2775000 (ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ് | ₹2775000 ബിൽ നമ്പർ-354/10-3-2025 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-01-2025 ലെ സ.ഉ (സാധാ.) നമ്പർ 295/2025-ന്റെയും ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ 24-2-2025തീയതിയിലെ LSGD/PD/18639/2023 -DPLA1 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ ഹെൽത്ത് ഗ്രാന്റ് സ്കീം -1ൽ ലഭ്യമായ തുക(₹2775000) മുഴക്കുന്ന് എഫ് എച്ച് സിക്ക് സബ് സെന്റർ നിർമ്മാണത്തിനായി ഡെപ്പോസിറ്റ് വർക്കായി NHMന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/21.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ലാത്തതിനാൽ ₹2775000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹513283 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 160/25 സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ – സ്പിൽ ഓവർ |
| അടങ്കൽ | ₹513283 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹513283, 24/16.05.24 |

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി തയാറാക്കിയതാണ് മേൽ പ്രോജക്ട് . പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുകയും(₹999996) ആയതിന്റെ അടിസ്ഥാനത്തിൽ 486713 രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ബാക്കി തുക (₹513283) 2024-25 സാമ്പത്തിക വർഷത്തിലും അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കാക്കയങ്ങാടിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമോ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രവൃത്തി പൂർത്തീകരണ/വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹513283 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 വഞ്ഞേരി സബ്സെന്ററിന് കുഴൽ കിണർ നിർമ്മാണം-പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല ₹88000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 77/25 , വഞ്ഞേരി സബ്സെന്ററിന് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹100000 (ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാന്റ്) |
| ചെലവ് | ₹88000 , 346/10.03.25 |

വഞ്ഞേരി സബ്സെന്ററിന് കുഴൽ കിണർ നിർമ്മാണം എന്ന പ്രജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഭൂജലവകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥനത്തിൽ 88000 രൂപ ഭൂജലവകുപ്പ് ജില്ലാ കാര്യാലയം കണ്ണൂരിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയായത് സംബന്ധിച്ച, ഭൂജലവകുപ്പിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതുവരെ ഈയിനത്തിലുള്ള ₹88000 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-40 ഐ.കെ.എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 107/25, ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ |
| അടങ്കൽ | ₹80000 - തനത് ഫണ്ട് |
| ചെലവ് | ₹80000 - ബിൽ നമ്പർ : 160/27.11.24 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹80000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/21-11-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 വിവിധ കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിക്കൽ വയറിംഗ്-പ്രോജക്ട് അപാകങ്ങൾ ₹55323 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 76/25 വിവിധ കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിക്കൽ വയറിംഗ് |
| അടങ്കൽ | ₹50000 (ധനകാര്യ കമ്മീഷൻ അവാർഡ് ബേസിക്)<br>₹250000 (തനത് ഫണ്ട്)<br>₹300000 (ആകെ) |
| ചെലവ് | ₹18647 , 239/16.01.25 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹13739, 204/19.12.24 (തനത് ഫണ്ട്)<br>₹22937, 204/19.12.24 (തനത് ഫണ്ട്)<br>ആകെഃ ₹55323 |

വിവിധ കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിക്കൽ വയറിംഗ് എന്ന പ്രോജക്ടിനായി ആകെ 55323 രൂപയാണ് മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ സെക്ഷൻ കാക്കയങ്ങാടിന്റെ 13.12.24 തീയതിയിലെ ഡിമാന്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ 13739 രൂപയും 22937 രൂപയുമുൾപ്പെടെ 36676 രൂപ ഇലക്ട്രിക്കൽ സെക്ഷൻ കാക്കയങ്ങാടിന് അനുവദിച്ചതിന്റെ വിശദാംശങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഏതൊക്കെ കുടിവെള്ള പദ്ധതികൾക്കായാണ് തുക അടവാക്കിയതെന്നതിന്റെ വിശദാംശങ്ങൾ, പ്രോജക്ട് കോപ്പി എന്നിവ ഫയലിൽ ലഭ്യമല്ല. ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയായോ എന്നതു സംബന്ധിച്ച , വിനിയോഗസാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല . ₹18647 യുടെ ചെലവ് സംബന്ധിച്ച രേഖകളും പ്രവൃത്തി പൂർത്തീകരണ/വിനിയോഗ വിവരം പ്രോജക്ട് കോപ്പി എന്നിവയും ലഭ്യമാക്കിയിട്ടില്ല . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ₹55323 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 സാങ്കേതിക വിഭാഗത്തിന് റൂം പാർട്ടീഷൻ-പ്രവൃത്തി വാല്വേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല ₹164264 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
